LIBRARY ARCHIVES Kerala Legislative Assembly

സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്

84(2945) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഏർപ്പെടുത്തിയ സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ; അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസമെന്നാണ് ;

(ബി) 80 ശതമാനത്തിന് മുകളിൽ മാർക്ക് വാങ്ങിയ പല വിദ്യാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഉയർന്ന മാർക്ക് വാങ്ങിയിട്ടും അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് വീണ്ടും അവസരം നൽകുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ഫ്രഷിന് അപേക്ഷിക്കാൻ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷയ്ക്ക് 80% മാർക്കോ അതിനു മുകളിലോ നേടിയിരിക്കണം. അതത് വർഷം തന്നെ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി, പരീക്ഷ പാസ്സായിരിക്കണം. എസ് സി.,എസ് ടി., ഒ.ബി.സി. വിഭാഗങ്ങൾക്ക് 15%, 7.5%, 27% എന്നീ ക്രമത്തിലും, ഓരോ വിഭാഗത്തിലും 3% ഭിന്നശേഷിയുള്ളവർക്കും സംവരണം ചെയ്തിട്ടുണ്ട്. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഭാഗങ്ങൾക്ക് 3:2:1 എന്ന ക്രമത്തിലാണ് സംവരണം ചെയ്തിട്ടുള്ളത്. രക്ഷിതാക്കളുടെ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെയായിരിക്കണം. ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കും സംവരണം ചെയ്തിട്ടുണ്ട്. ഈ വർഷം അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30-11-2015 ആയിരുന്നു.

(ബി) 80 ശതമാനത്തിനു മുകളിൽ മാർക്ക് വാങ്ങിയ ചില വിദ്യാർത്ഥികൾക്ക് സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിച്ചില്ല എന്ന പരാതികൾ ലഭിച്ചിരുന്നു. പ്രസ്തുത പരാതികളെല്ലാം തന്നെ (MHRD) എം.എച്ച്.ആർ.ഡി.-ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽനിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് പരാതിക്കാരെ അക്കാര്യം അറിയിക്കുകയും ചെയ്യുന്നുണ്ട്. 2008-2009 അദ്ധ്യായന വർഷം മുതൽ 2014-2015 അദ്ധ്യയന വർഷം വരെ 80% ത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന എല്ലാ കുട്ടികൾക്കും അപേക്ഷ (CSS Fresh)

നൽകുവാൻ അവസരമുണ്ടായിരുന്നു. മൊത്തം ലഭിച്ച അപേക്ഷകരിൽനിന്നും മുകളിൽ സൂചിപ്പിച്ച മാനദണ്ഡമനുസരിച്ചായിരുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിരുന്നത്. എന്നാൽ ഈ അദ്ധ്യായന വർഷം (2015-16) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ എന്ന വെബ്സൈറ്റ് തുടങ്ങുകയും അതിൽ ഹയർസെക്കണ്ടറിയിൽനിന്നും വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ നിന്നും ലഭിച്ച 2015 മാർച്ചിൽ പാസ്സായ കുട്ടികളുടെ പട്ടികയും സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന്റെ മാനദണ്ഡവും അനുസരിച്ച് 80%-ത്തിന് മുകളിൽ മാർക്ക് ലഭിച്ച കുട്ടികളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അവസരം നൽകിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടുത്ത അദ്ധ്യയന വർഷം മുതൽ 80%-ത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന എല്ലാ കുട്ടികൾക്കും അപേക്ഷ നൽകുവാൻ അവസരം നൽകണമെന്ന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

(സി) സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് (ഫ്രഷ്) അപേക്ഷിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് വീണ്ടും ഒരവസരം നൽകുക എന്നത് എം.എച്ച്. ആർ.ഡി.-യുടെ (MHRD) വിവേചനാധികാരമാണ്. ആയതിനാൽ ഈ വിഷയത്തിൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയമാണ് അന്തിമ തീരുമാനമെടുക്കേണ്ടത്.

വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

85(2946) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സർക്കാർ നിരീക്ഷിക്കാറുണ്ടോ;

(ബി) എറണാകുളം ജില്ലയിൽ എൽ.പി.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇതിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുഴുവൻ ഒഴിവും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പി.എസ്.സി അഡ്വൈസ് മെമ്മോ അയച്ച എത്ര ഉദ്യോഗാർത്ഥികൾക്ക് എറണാകുളം ജില്ലയിൽ നിയമനം നൽകാൻ ബാക്കിയുണ്ടെന്നും കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത ജില്ലയിലെ റാങ്ക് ഹോൾഡർമാർ ജനസമ്പർക്ക പരിപാടിയിൽ സമർപ്പിച്ച നിവേദനം പരിഗണിച്ച് നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly